രാമകഥകളുടെ അക്ഷയപ്രസക്തി

കോന്നിയൂർ
ആർ. നരേന്ദ്രനാഥ്

രാമാനന്ദസാഗർ ടെലിവിഷനിൽ സംവിധാനം ചെയ്തവതരിപ്പിച്ച രാമായണം പോലെ, ജനങ്ങൾക്ക് തൃപ്തിയേറിയ വേറൊരു പരമ്പര മഹാഭാരതം മാത്രമാണ്. സൂപ്പർ 'വിമർശക'ൻമാരും അത്യുന്നതങ്ങളിൽ വർത്തിക്കുന്ന "ബുദ്ധി" ജീവികളും ഭാരതീയമായതേതും അലർജിയുണ്ടാക്കുന്ന, സാംസ്കാരികനായകൻമാരെന്ന് വീമ്പുപറയുന്ന "വീര"ൻമാരും, ആ ഇതിഹാസപരമ്പരകൾ തറപ്പടങ്ങളായിരുന്നെന്നാണ് തമ്പേറടിച്ചത്! അവരുടെ നിലപാട് ഉദ്ധതപ്രതിഭാസമെന്നു കരുതിയാൽ മതി. നമ്മേപ്പോലുള്ള സാധാരണമനുഷ്യർക്ക് ആവശ്യമുള്ളതും തൃപ്തിതരുന്നതുമാണ് എന്നും, പുരാണേതിഹാസ മഹാകാവ്യങ്ങളെല്ലാം. അവയിൽ സഞ്ചയിച്ചിട്ടുള്ള സാരാംശങ്ങളും സത്യങ്ങളും സന്തത പ്രസക്തിയുള്ളവയാണെന്ന് നാം അംഗീകരിക്കുന്നുമുണ്ട്.

രാമായണ മഹാഭാരതാദികഥകൾക്ക് സഹസ്രാബ്ദങ്ങളായി ജനകോടികളെ സ്വാധീനിക്കാൻ സാധിച്ചിട്ടുള്ളത് യാദൃച്ഛിക കാരണങ്ങളാലല്ല. ജനങ്ങളുടെ ജീവിത ലക്ഷ്യം, സങ്കല്പം, അഭിലാഷം തുടങ്ങിയവ മാത്രമല്ല, ധർമ്മദർശനങ്ങൾ, സ്വഭാവം, സാമാന്യമര്യാദകൾ എന്നിവയെല്ലാം കരുപ്പിടിപ്പിക്കാനും കരുത്തുറ്റതാക്കാനും അവ നൽകിയ സ്വാധീനവും പ്രചോദനവും ചെറുതൊന്നുമല്ല. ലോകത്തെ അന്യദേശങ്ങളിലെ സാഹിത്യകൃതികൾക്ക് സാധിക്കാത്ത സൽസമ്മർദ്ദശക്തി വിശേഷം, നമ്മുടെ ഇതിഹാസ പുരാണകാവ്യാദികൾക്ക് ഉണ്ടെന്നു ചുരുക്കം. ഇതിഹാസകാവ്യാദികളിലെ കഥാപാത്രങ്ങൾ ജീവിതത്തിൽ ചരിത്ര പുരുഷൻമാർക്കുണ്ടായതിനെക്കാൾ ബൃഹത്തും സമഗ്രവുമായ മഹത്വവും നിരന്തര സാന്നിദ്ധ്യവും എല്ലാക്കാലത്തും നിലനിർത്തി. സാമാന്യജനങ്ങളെ സംബന്ധിച്ചിടത്തോളം കഥാപാത്രങ്ങളിൽ പലരും സമരാദ്ധ്യരായ അതിമാനുഷൻമാരായിത്തീർന്നു. മറ്റു ചിലർ ദേവസമാനരും, ഇനിയും ചിലർ ഉദാത്തമായ ഈശ്വരചൈതന്യത്തിൻെറ അവതാരങ്ങളുമായി രൂപാന്തരപ്പെട്ടു. കഥാപാത്രങ്ങൾക്ക് ഇപ്രകാരമൊരു പരിണാമം ഭാരതത്തിലല്ലാതെ മറ്റൊരിടത്തുമുണ്ടായിട്ടില്ല. നമ്മുടെ അത്തരത്തിലുള്ള പൈതൃകം, അന്യദേശങ്ങളിലെ സമാന സ്വത്തുകളേയപേക്ഷിച്ച്, സിദ്ധിയും ശ



ക്തിയുമുള്ളവയാണെന്നാണിത് കാണിക്കുന്നത്.

പക്ഷം പിടിച്ചു പൊങ്ങച്ചം പറയുകയല്ലിവിടെ! ഒരു പരമാർത്ഥം പറഞ്ഞെന്നേയുള്ളു. നമ്മുടെ പുരാണേതിഹാസ കാവ്യകൃതികളുടെ സജീവസാന്നിദ്ധ്യം ഒരിക്കലും ഇവിടത്തെ സമൂഹത്തിൽ അന്യമായിട്ടില്ല. അന്ധവിശ്വാസികളാണിവിടത്തെയാളുകളെന്നാക്ഷേപിച്ച്, ഇതിനു കാരണം കാണാമെന്ന് കരുതുന്നത് തികഞ്ഞ കാപട്യമാണ്. നമ്മുടെ പ്രാചീന കൃതികൾ എന്നും ഉയർത്തിപ്പിടിച്ചിട്ടുള്ളതും, വ്യാഖ്യാനിച്ചും വിശദീകരിച്ചും പ്രചരിപ്പിച്ചിട്ടുള്ളതും അത്യുന്നത ബുദ്ധിശാലികളായ ഭാഷ്യകാരൻമാരാണ്. അവർ മഠയൻമാരോ പാമരൻമാരോ ആണെന്നു പറയാൻ അസാമാന്യമായ അജ്ഞതയുള്ളവർക്കെ പറ്റൂ!

പുതിയ ഒരു നല്ല പുസ്തകം

വാല്മീകി രാമായണത്തിൻെറ സമഗ്രമായ ചിത്രം കാണിക്കുന്ന ഒരുത്തമ ഗ്രന്ഥം ഈയ്യിടെ കാണുകയുണ്ടായി; ശ്രീലങ്കക്കാരനായ ഒരു പണ്ഡിതൻ ചമച്ചത്. ഒരു ഭാരതീയന് രാമായണത്തോട്, പലകാരണങ്ങളാൽ ആൽമബന്ധമുണ്ട്. അതുകൊണ്ട്, അകന്നുമാറിനിന്നു കൊണ്ടുള്ള നിഷ്പക്ഷത അതിൻെറ കാര്യത്തിൽ വളരെ പ്രയാസമേറിയ കാര്യമായിരിക്കും. വസ്തു നിഷ്ഠത, നിസ്സംഗത തുടങ്ങിയവയുടെയും സ്ഥിതിയിതു തന്നെ. ഒരു വിദേശിയന്, വൈകാരികമായ ഈ കെട്ടുപാടെന്നുമില്ലാതെ വാല്മീകി രാമായണം തുറക്കാനൊക്കും. തികഞ്ഞ സത്യസന്ധതയോടെ പലതും പരിശോധിക്കാനും വിലയിരുത്താനും പ്രയാസമില്ല. അന്യർ ആ മഹൽകൃതി നോക്കിക്കാണുന്നതെങ്ങനെയെന്ന് അറിയാൻ വിദേശീയൻെറ അത്തരമൊരു കൃതി നമുക്ക് വളരെയുതകുകയും ചെയ്യും! അത്തരത്തിലുള്ള ഒരു കൃതിയാണ് ഇവിടെ പരാമർശ വിഷയം. ലോക പ്രശസ്തരായ പണ്ഡിതൻമാരുടെ പ്രസ്താവനകൾ പലതും ഉദ്ധരിച്ച് അക്കമിട്ടാണിതിൽ വിശകലനം ചെയ്തിരിക്കുന്നത്. അവയെല്ലാം വിലയിരുത്തിയാണ് സ്വന്തം നിഗമനങ്ങൾ ഗ്രന്ഥകാരൻ വാർത്തെടുത്തിട്ടുള്ളതും. ആശ്രയിച്ച ഗ്രന്ഥങ്ങളുടെയും രേഖകളുടെയും ഒരു വലി

(1. The Society of the Ramayana by AnandaGurujee, Abhinav Publications New Delhi-16, Price Rs. 400/-)

യ പട്ടികയുമിതിലുണ്ട്. പരിണത പ്രജ്ഞരായ നൂറ്റിയൻപത്താറു പേരും അവരുടെ അഞ്ഞൂറോളം കൃതികൾ! വാല്മീകിരാമായണത്തെ സംബന്ധിക്കുന്ന സംഗതികളുടെ ഒരു പരിഛേദം, കൗതുകമുള്ളവർക്ക്, ഇവിടെ കാണാം. പഠിക്കാനും ഗവേഷണം നടത്താനും കൊതിക്കുന്നവർക്ക് വലിയ വഴികാട്ടിയായിട്ടുണ്ട്, മൊത്തത്തിൽ ഈ കൃതിയും അതിലെ ബിബ്ളിയോഗ്രഫിയും. ഇതുകൂടാതെ മറ്റൊരമൂല്യമായ സമ്പത്തുകൂടി പുസ്തക കർത്താവ്, രണ്ടാം പതിപ്പിൽ, ലഭ്യമാക്കിയിരിക്കുന്നു:"1950-നു ശേഷമുണ്ടായിട്ടുള്ള മുഖ്യമായ രാമായണ പഠനങ്ങൾ"--എന്ന പേരിലാണിത്. ഗ്രന്ഥകാരനായ ഡോ. ആനന്ദ ഗുരുജി 1951,52 എന്നീ വർഷങ്ങളിൽ ശ്രീലങ്കയിലും ഇൻഡ്യയിലും നിർവ്വഹിച്ച സുദീർഘ പഠനങ്ങളുടെയും ഗവേഷണങ്ങളുടെയും ഫലമാണ് ഈ പുസ്തകം. സിലോൺ സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടാനുള്ള പ്രാമാണിക പ്രബന്ധമായി 1953-ൽ അതു സമർപ്പിച്ചു. പുസ്തക രൂപത്തിൽ 1960-ൽ ആദ്യം ശ്രീലങ്കയിലാണ് പ്രസിദ്ധീകരിച്ചത്. അതിന്റെ രണ്ടാം പതിപ്പാണ് ഇൻഡ്യയിൽ 1991-ൽ പ്രകാശനം ചെയ്ത പുസ്തകമാണ്, എന്റെ ശ്രദ്ധയിൽ പെട്ടത്.

സാമാന്യ സാഹചര്യങ്ങളിൽ ഇവിടെ കിട്ടാനും അറിയാനും പ്രയാസമുള്ള വിലപ്പെട്ട വസ്തുതകൾ ഇതിൽ ചർച്ച ചെയ്തിട്ടുണ്ട്. സാധാരണക്കാരനും പണ്ഡിതനും ആയാസമില്ലാതെ മനസ്സി

(2. Ramayana Studies Since 1950.)



ലാക്കാൻ സാധിക്കുന്ന വിധത്തിലാണ് പ്രതിപാദനം. മുഖവുരയിൽവിശദമാക്കിയിട്ടുള്ള കാര്യങ്ങൾ പലതും, ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ പ്രസക്തിയുള്ളവയാണ്. അത്തരം വസ്തുതകളിൽ പ്രധാനപ്പെട്ടവയാണ്, ഈ ലേഖനത്തിൽ ലഭ്യമാക്കാൻ ശ്രമിച്ചിട്ടുള്ളത്. ഇവിടെ വിദേശ പണ്ഡിതൻമാർ വാല്മീകി രാമായണത്തിൽ കാണിച്ചിട്ടുള്ള, കാണിക്കുന്ന സവിശേഷമായ താല്പര്യത്തിനാണ് മുൻതൂക്കം. ഭാരതീയരായ ഗവേഷകരുടെ വസ്തുതകൾ പ്രസിദ്ധങ്ങളായതുകൊണ്ട് കൂടുതൽ പ്രതിപാദിച്ചിട്ടില്ല; സൂചിപ്പിച്ചിട്ടുമില്ല. വിശദമായി വിവരങ്ങളറിയാൻ, ഡോ. ആനന്ദഗുരുജിയുടെ പുസ്തകത്തെ ആശ്രയിക്കുക.

പാശ്ചാത്യരുടെയിടയിൽ ഒരു ജൈത്രയാത്ര

ഏതാണ്ടൊന്നര നൂറ്റാണ്ടുമുമ്പാണ് പാശ്ചാത്യർക്ക് രാമായണ സമ്പർക്കം ശക്തിയായിട്ടുണ്ടായത്. ഭാഗികമോ, പൂർണ്ണമോ ആയുള്ള തർജ്ജമകൾ, സംക്ഷിപ്ത രൂപങ്ങൾ രൂപാന്തരങ്ങൾ വിദൂരാനുകരണങ്ങൾ തുടങ്ങി പല വിധത്തിലാണിതാദ്യദശയിൽ സാധ്യമായത്. ലത്തീൻ, ഇറ്റാലിയൻ, ഫ്രഞ്ച്, ജർമ്മൻ, ഇംഗ്ളീഷ്, റഷ്യൻ തുടങ്ങിയ ഭാഷകളിൽ അവ പ്രചരിച്ചു. വാല്മീകി രാമായണം ആദ്യം ലത്തീനിൽ പ്രവേശിച്ചത് അപൂർണ്ണമായിട്ടായിരുന്നു. പിന്നെ അത് രൂപാന്തരമായി പ്രത്യക്ഷപ്പെട്ടു! രണ്ടിനുമുത്തരവാദി ഷ്ളീഗൽ(Freidrich Schlegel) ആയിരുന്നു--1823, 1829 വർഷങ്ങളിൽ!ഇറ്റാലിയനിൽ ഏഴു വാല്യങ്ങളിലുള്ള തർജ്ജമ പ്രസിദ്ധീകൃതമായത്, പതിനൊന്ന് കൊല്ലത്തെ പ്രയത്നഫലമായി, 1847-58-ൽ, ആയിരുന്നു. ആ സദുദ്യമത്തിൽ മുഖ്യമായി ഏർപ്പെട്ടത് ഗോറിസ്സിയോ(Gaspare Gorrisio) എന്ന പണ്ഡിതനാണ്. ഫ്രഞ്ചു ഭാഷയിലെ കാര്യവും ഏതാണ്ടിതേ വിധത്തിൽ തന്നെ. ഒൻപതു വാല്യങ്ങളിലാണ്, പൂർണ്ണരൂപത്തിൽ, അവിടെ പ്രകാശനം നടന്നത്. ഈ ബൃഹത്യത്നം പൂർത്തിയാക്കിയത്, 1854-58 കാലഘട്ടത്തിൽ, ഫാഷേ (H. Fauche) ആണ്. കവിതാ രൂപത്തിലുള്ള ഇംഗ്ളീഷ് പരിഭാഷ, അഞ്ചു വാല്യങ്ങളിൽ 1870-74 കാലയളവിൽ പ്രസിദ്ധീകൃതമായി. അതിനു നേതൃത്വം നൽകിയത് ഗ്രിഫിത് (Ralph J.H. Griffith) ആയിരുന്നു. ആദ്യം സംക്ഷിപ്ത രൂപത്തിലാണ് വാല്മീകി രാമായണം ജർമ്മനിൽ ലഭ്യമായത്. 1868-ൽ മെനാർഡ് (J. Menard) ആണതു ചെയ്തത്.

പില്ക്കാലങ്ങളിൽ വിപുലമായ ഉദ്യമങ്ങൾ ഈ രംഗത്തുണ്ടായെന്ന് എടുത്തു പറയേണ്ടതില്ല. ഇതിൽ ഏറ്റവുമൊ

(3. Princeton Library of Asian Translations: The Ramayana of Valmiki)

ടുവിലത്തേതെന്ന് വിശേഷിപ്പിക്കാവുന്നതാണ്, അമേരിക്കൻ ഐക്യനാടുകളിലുണ്ടായത്. വാല്മീകി രാമായണതർജ്ജമ, പ്രിൻസ്റ്റൻ ലൈബ്രറി പതിപ്പായി, പ്രകാശനം ചെയ്യുവാനാണവിടെ ലക്ഷ്യമിട്ടിട്ടുള്ളത്. അതു നടപ്പാക്കാൻ രാമായണപരിഭാഷാ കൺസോർഷ്യം (Ramayana Translation Consortium) സംഘടിപ്പിച്ചിരിക്കുന്നു! ഏഴു ബൃഹത് വാല്യങ്ങളിൽ പൂർത്തിയാക്കുകയെന്നാണ് ലക്ഷ്യം ! അതിൻെറ നേതൃത്വം ഗോൾഡ് മാനിലാണ് (Robert P. Goldman) നിക്ഷിപ്തം. ബാലകാണ്ഡം ഒന്നാം വാല്യമായി 1984-ൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു! വാല്മികി രാമായണത്തെ സംബന്ധിച്ച്, വിവിധ വിഷയങ്ങൾ കേന്ദ്രമാക്കിഗോൾഡ്മാൻ വിലപ്പെട്ട ഗവേഷണങ്ങൾ ചെയ്തിട്ടുള്ള വസ്തുതയും സ്മരണീയമാണ്.

പ്രാദേശിക പ്രശസ്തി

രാമായണ കഥ, ഭാരതത്തിലെ വിവിധ ദേശങ്ങളിലുള്ള പ്രാദേശിക ഭാഷകളിൽ ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതും എടുത്തു പറയേണ്ടതില്ല. പക്ഷെ ഇവ സംബന്ധിച്ച വിവരങ്ങൾ സമ്പൂർണ്ണ രൂപത്തിൽ ലഭ്യമല്ല. ഇങ്ങനെയുള്ള വിവരങ്ങൾ മൊത്തമായി നൽകുന്ന "വസ്തുതാ, വിവരണ ഗ്രന്ഥം"– ബിബ്ളിയോഗ്രഫി- ഓരോ ഭാഷയിലുമുണ്ടാകേണ്ടതാവശ്യമാണ്. പിന്നീട് അവയെല്ലാം ചേർത്ത് അഖില ഭാരതാടിസ്ഥാനത്തിലുള്ള ഒരു വിവരണ ഗ്രന്ഥവും തയ്യാറാക്കാം. വാല്മീകി



രാമായണത്തിൻെറയും മറ്റു രാമകഥകളുടെയും വസ്തുനിഷ്ടമായ സ്വാധീനവും, പ്രതാപവും, പ്രശസ്തിയും പ്രചാരവുമൊക്കെ അപ്പോൾ സംശയാതീതമായി സ്പഷ്ടമായിത്തീരും. ഇത് വലിയ പ്രയാസവും പണച്ചിലവുമുള്ള പണിയാണ്. പക്ഷേ സാംസ്കാരിക പ്രാധാന്യമുള്ള ഒന്നല്ലേ ഇപ്രകാരമുള്ള ഒരു പദ്ധതി?

രാമായണ ബിബ്ളിയോഗ്രഫി വിദേശത്ത്

രാമായണ വിഷയങ്ങളിൽ അഗാധ പാണ്ഡിത്യമുള്ള ഇറ്റലിക്കാരൻ ബോട്ടോ (Oscar Botto) വിപുലമായഒരു ബിബ്ളിയോഗ്രഫി തയ്യാറാക്കുന്നതിന് വലിയ പദ്ധതി ഏറ്റെടുത്തിട്ടുള്ളതായി ഡാ. ആനന്ദഗുരുജി പ്രസ്താവിച്ചിട്ടുണ്ട്. രാമായണ പണ്ഡിതൻമാരിൽ പുരോഗാമിയെന്ന് വിശേഷിപ്പിക്കപ്പെടാറുള്ള ഗോരിസ്സിയോ(Gasparo Gorresio) യെ കുറിച്ച് സമഗ്രവും ആധികാരികവുമായ സംഭാവനകൾ നൽകിയിട്ടുള്ള രാമായണ പണ്ഡിതനാണ് ബോട്ടോയെന്ന കാര്യവും സ്മരിക്കട്ടെ. രാമകഥയുടെ പഠനങ്ങളിൽ കാണുന്ന താല്പര്യത്തിൻെറ വ്യാപ്തിയും വൈവിധ്യവും എത്രമാത്രമാണെന്ന് ഇതു പ്രത്യക്ഷമാക്കുന്നുണ്ട്. അതോടൊപ്പം അതിൻെറ അക്ഷയ പ്രസക്തിയും, ആധുനിക കാലത്ത് അതിലുള്ള അസാമാന്യതാല്പര്യവും വിളിച്ചറിയിക്കുകയും ചെയ്യുന്നു. വമ്പിച്ച പ്രയത്നങ്ങൾ വിദേശങ്ങളിൽ രാമകഥയെ ആസ്പദമാക്കിയും, വാല്മീകി രാമായണത്തെ അധികരിച്ചും നടക്കുന്ന കാര്യം പോലും അറിവുള്ള "ബുദ്ധി"ജീവികൾ

(4. Under preparation by CESMEO in Torino (Turin) Italy.)
(5. Archcology of the Ramayana Sits.)

ഇവിടെ എത്രയോ,കുറവാണ്! മതേതര ത്വമെന്ന മുഖം മൂടിയണിഞ്ഞ് , ഇവർ ഉയർത്തുന്ന ആക്രോശങ്ങൾ, അവരുടെ അല്പത്തരവും അറിവില്ലായ്മയും മറയ്ക്കാനുള്ള മാർഗ്ഗം മാത്രം! നമ്മുടെ മഹൽ ഗ്രന്ഥങ്ങളെക്കുറിച്ചു പോലും "വമ്പ"ൻമാരിൽ കടന്നുകൂടി കുടിയുറപ്പിച്ചിട്ടുള്ള വികടധാരണകളും വികല്പ സങ്കല്പങ്ങളും മാത്രമല്ല, എല്ലാറ്റിലും രാഷ്ട്രീയം കയറ്റാനുമുള്ള കുടില തന്ത്രങ്ങളും, കുറച്ചൊന്നുമല്ല.

വാല്മീകി എന്ന ആദികവി

വാല്മീകിയെ കുറിച്ച് വിദേശ പണ്ഡിതൻമാർ വിലപ്പെട്ട പല പ്രൗഢ പഠനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ അഭേദത്വം (identity), ചരിത്ര യാഥാർത്ഥ്യം തുടങ്ങിയവ കൂടാതെ ആകവിയുടെ ഭാഷ, കാവ്യരചനാ, സമ്പ്രദായം, രചനാ പ്രചോദനം, ശൈലീവിശേഷം തനിമ- എന്നിങ്ങനെയുള്ള വിഷയങ്ങൾ അവയിൽ ഉൾപ്പെടും. അമേരിക്കൻ ഐക്യ നാടുകളിലെ വാഡെവില്ലി (Charlotte vaudeville) ബ്ളോക്ക് (Alfred Bloch) ജപ്പാനിലെ ഹാര (Minory Hara) ജർമ്മൻകാരനായ ഹോൾ സ്റ്റെറ്റർ (E. Holfstetter) ഇംഗ്ളീഷ് ഭാഷക്കാരനായ ഗോൾഡ്മാൻ ബ്രോക്കിംഗ്ടൺ (J.L. Brockington) തുടങ്ങിയവർ അവരിൽ ചിലർ മാത്രമാണ്. ഇവർ വാല്മീകിയുടെ വിവിധ "മുഖ"ങ്ങൾ ചിത്രീകരിച്ചിട്ടുമുണ്ട്.

രാമകഥയുടെയും രാമായണകാവ്യത്തിൻെറയും രൂപപരിണാമത്തെ സംബന്ധിച്ച് കൂലംകഷമായുള്ള ഗവേഷണങ്ങളും സിദ്ധാന്തങ്ങളും, നിഗമനങ്ങളും കുറച്ചൊന്നുമല്ല ഉണ്ടായിട്ടുള്ളത്; ഉണ്ടായിക്കൊണ്ടിരിക്കുന്നത്: ഈ രംഗത്ത് അത്യുൽസാഹവും വിഷയങ്ങളിൽ അസാമാന്യ പ്രതിപത്തിയും ഇന്ന് വളരെ പ്രത്യക്ഷമാണ്. വിദേശികളിലെ പ്രമുഖരായ പണ്ഡിതൻമാരാണ് കൂടുതൽ ശ്രദ്ധേയരായി തീർന്നിട്ടുള്ളത്. ബൾക്കേ (Rev. Camille Bulcke). ഡാലേൻ (L.A. Van Daalen) എന്നിവർ ഉദാഹരണങ്ങളത്രെ! ഭാരതീയ പണ്ഡിതൻമാരെ കുറിച്ച് ഇവിടെ ഒന്നും പറയുന്നില്ല. കാരണം മുമ്പു സൂചിപ്പിച്ചിട്ടുണ്ട്.

ചരിത്ര യാഥാർത്ഥ്യം

രാമായണ കാവ്യത്തിൽ പരാമർശങ്ങളായിട്ടുള്ള സംഭവങ്ങളും, സ്ഥലകാലങ്ങളും, കഥാപാത്രങ്ങളുമൊക്കെ എത്രമാത്രം ചരിത്രാടിസ്ഥാനമുള്ളവയാണ്? ഈ വിഷയത്തിൽ ഗവേഷണങ്ങൾ, വിചിന്തനങ്ങൾ, വിവരണങ്ങൾ തുടങ്ങി വിലമതിക്കാനാവാത്ത വിഭവങ്ങൾ ശേഖരിയ്ക്കപ്പെട്ടിട്ടുണ്ട്. ഭാരതീയരായ രണ്ട് മൂന്ന് പ്രമാണികളെ ഇവിടെ പറയാതിരിക്കാൻ വയ്യ- റോമിലാതാപ്പർ, എച്ച്.ഡി. സംഘാലിയ എന്നിവരുടെ കാര്യം പ്രത്യേകിച്ചും! സത്യമറിയാൻ വേണ്ടി ഉത്ഖനനങ്ങൾക്കായി ഒരു ദേശീയ പദ്ധതിതന്നെ ലാലിൻെറയും (B.B.Lal)ദീക്ഷിതിൻെറയും (K.N. Dixit) ചുമതലയിലുണ്ടായിരുന്നത് ഓർമ്മിക്കുക. വാല്മീകി രാമായണത്തിലെ ബാല കാണ്ഡത്തിലുള്ള വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി ശ്രീരാമജനനം ഗണിച്ചെടുക്കാൻ ഓക്കിയിപ്പോ (K. Ferrari d' Occhieppo1979) ചെയ്ത പരിശ്രമവും പരാമർശിക്കട്ടെ! നാലു തീയതികൾ ആണ് സാധ്യതുള്ളതായി പറയുന്നത്- ബി. സി. 110 ഏപ്രിൽ നാല് (April 4, 110 B.C.)എ.ഡി. 200 മാർച്ച് പതിനൊന്ന് (March 11, A.D. 200)മാർച്ച് പതിനാറ് 745 എ.ഡി. (16 March 745 A.D)

സാമൂഹിക-മാനവ വിജ്ഞാനീയ (Social Anthrapology). തത്വങ്ങളെ ആധാരമാക്കിയുള്ള പഠനമാണ് ഘെർട്സ് (Heimo Gehrts-1977) നിർവ്വഹിച്ചിട്ടുള്ളത്. ഏതാണ്ടു സമാനമെന്ന് പറയാവുന്ന ഗവേഷണം നടത്തിയ ആളാണ് ഡുമെസിൽ (Georges Demezil-1968) ഗോൾഡ്മാൻ (Robert p. Goldman) മാസ്സോൻ (J. Moussaieff Masson) എന്നിവർ സംയുക്തമായും വെവ്വേറെയും രാമായണകഥാപാത്രങ്ങളെ മനഃശാസ്ത്ര വിശകലന വിദ്യ പ്രയോഗിച്ചുള്ള (Psychological Analysis) പഠനങ്ങൾ നിർവ്വഹിച്ചതും മറന്നുകൂടാ. പതിനഞ്ചു വർഷകാലം നീണ്ടുനിന്ന ഈ ഗവേഷണ തപസ്യാഫലങ്ങളുടെ രത്നചുരുക്കം ബാലകാണ്ഡ പരിഭാഷയുടെ മുഖവുരയിൽ കൊടുത്തിരിക്കുന്നു 'രാമൻ- കഥാനായകൻ ത്യാഗിയെന്ന നിലയിൽ'-എന്ന പേരിൽ!

വാല്മീകി രാമായണം-ഭാഷാശാസ്ത്ര സമീപനങ്ങൾ

വാല്മീകി രാമായണത്തെ മൊത്തത്തിൽ, ശൈലീവിചാരം ഭാഷാശാസ്ത്രം തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടി വിപുലമായി പഠനവിഷയമാക്കിയിട്ടുണ്ട്. ഈ ഗ്രന്ഥത്തെ കുറിച്ച് ഉണ്ടായിട്ടുള്ള മാതിരി, മറ്റൊരു മഹൽ ഗ്രന്ഥത്തെ കുറിച്ചും ഇത്തരത്തിലുള്ള പഠനങ്ങൾ ഉണ്ടായിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ഭാരതീയരായ നീൽമാധവ സെൻ (Nilmadhav Sen) സത്യവ്രത് (Satya Vrat) നവനീത സെൻ (Navaneetha Sen)തുടങ്ങിയവരും റഷ്യക്കാരനായ വാസിൽകോവ് (V. Vasilkov-1973) ഗ്രിൻസ്റ്റർ (P.A. Grinster-1974) തുടങ്ങിയ വിദേശികളും സ്തുത്യർഹമായ പഠനങ്ങൾ നിർവ്വഹിച്ചിരിക്കുന്നു.

സാമൂഹിക സാമ്പത്തിക വസ്തുതകളെ കേന്ദ്രമാക്കിയുള്ള വിശകലനങ്ങളുടെ കാര്യവും വിസ്മരിക്കത്തക്കതല്ല. ഇവിടെ പ്രത്യേക പ്രാമുഖ്യം അവകാശപ്പെടുന്ന ഒരു മഹാ പണ്ഡിതനാണ് ബ്രോക്കിംഗ്ടൻ. അദ്ദേഹത്തെ കുറിച്ച് നേരത്തെ പരാമർശിച്ചിട്ടുണ്ട്. മറ്റു ചില പ്രധാനികൾ: ആൻേറായിൻ (R. Antoine) വേലിംഗ (T. Whaling) ഗ്ലാസെനാപ്പ് (H. Von. Glassenapp-1951.) തുടങ്ങിയവരാണ്. ഭാരതീയരിൽ ചിലർ, വ്യാസ് (S.N. Vyas-1967) വോറ (D.P. Vora-1959) ബഞ്ചമിൻ ഖാൻ (Benjamin Khan-1965.) തുടങ്ങിയവരത്രെ.

വിപുലമായി വളരുന്ന താല്പര്യം

ഭാരതത്തിലും വിദേശങ്ങളിലും വളർന്നിട്ടുള്ള മറ്റൊരു പ്രതിഭാസമാണ് വാല്മീകി രാമായണത്തേയും രാമകഥയേയുമടിസ്ഥാനമാക്കിയുള്ള രൂപാന്തരങ്ങൾക്കും പുനരാഖ്യാനങ്ങൾക്കുമുള്ള പ്രതിപത്തി. ഭാരതീയ പ്രാദേശിക ഭാഷയിലെ കാര്യങ്ങൾ വിടുന്നു. ഇംഗ്ളീഷിൽ പ്രഖ്യാതരായിട്ടുള്ള പല ഗ്രന്ഥകാരൻമാരും ഈ രംഗത്തിലേക്ക് വന്നിട്ടുമുണ്ട്. മേനോൻ (Aurey Menon) ബക്ക് (William Buck) നാരായണൻ (R.K. Narayanan) രാജാജി (C. Rajagopalachari) എന്നിവർ ചിലർ മാത്രമാണ്. ഇന്ത്യയിൽ പ്രസിദ്ധപ്പെടുത്തിയ ഇംഗ്ളീഷ് പുസ്തകങ്ങളിൽ ഏറ്റവും കൂടുതൽ പതിപ്പുകൾ (1955 വരെ 23 പതിപ്പുകളുണ്ടായിരുന്നു) വേണ്ടിവന്നതും, ഐക്യനാടുകളിലേക്ക് ഏറ്റവും കൂടുതൽ പ്രതികൾ കയറ്റുമതി ചെയ്തതും രാജാജിയുടെ രാമായണമാണ്. വളരെ ഭാഷകളിൽ വിവർത്തനം ചെയ്തിട്ടുമുണ്ട്, ഈ കൃതി. മൂലകൃതി തമിഴിലാണ് രാജാജി പുനരാവിഷ്കരിച്ച് പ്രസിദ്ധപ്പെടുത്തിയത്- കൽക്കി ആഴ്ചപതിപ്പിൽ. പിന്നീട് അത് ഇംഗ്ളീഷിലാക്കി എക്സ്പ്രസ് പത്രത്തിൻെറ ഞായാറാഴ്ച പതിപ്പായ സൺഡെ സ്റ്റാൻേറർഡിൽ തുടർച്ചയായി പ്രകാശനം ചെ

(6. Rama--The Hero as Renouncer.)

യ്തു. പൈങ്കിളി കഥകൾക്ക് വായനക്കാർ ഏറെയുള്ള ഇക്കാലത്തും, രാമായണ മഹാഭാരതാദി കഥാപ്രപഞ്ചത്തിലേക്ക് കടക്കാൻ കൗതുകം കാണിക്കുന്നവരാണ് സാധാരണക്കാർ.

രാമകഥ -ബുദ്ധജൈന പശ്ചാത്തലത്തിൽ

ബുദ്ധജൈനമത പശ്ചാത്തലങ്ങളിൽ പ്രചരിക്കാനും സ്ഥാനമുറപ്പിക്കാനും രാമകഥകൾക്ക് സാധിച്ചിട്ടുണ്ടെന്ന കാര്യവും മറന്നുകൂട. ഈ വിഷയങ്ങളിൽ ഗവേഷണങ്ങൾ നടത്തി ആധികാരികങ്ങളായ പുസ്തകങ്ങൾ രചിച്ചിട്ടുള്ള എത്രയോ പണ്ഡിതൻമാരുണ്ട്. ഇവരിൽ രണ്ട് ആളുടെ പേര് മാത്രം ഇവിടെ പറയട്ടെ; സർക്കാർ (D.C. Sircar: Ramayana and Dasaratha Jatakas-1976) ജൈൻ (J.C. Jain: An Old Version of Jaina Ramayana-1975)

ബൃഹദ് ഭാരതമേഖലയിലും (Greater-India) മറ്റും രാമായണ കഥാപ്രഭാവം, ആ രാജ്യങ്ങളിലെ സാംസ്കാരിക ചരിത്രത്തിലെ മഹത്തായ മറ്റൊരു വിഷയമാണ്. ജാവനീസ് രാമായണം (The Old Javanese Ramayana Kakawin-1955) ഇൻഡോനേഷ്യൻ രാമായണം (Indonesian Ramayan-1980 Both by Christian Hooyakas) മലയൻ പ്രദേശത്തെ രാമായണ പ്രശസ്തി (The Ramayana and Malaya Shadow Play by P.L. Amin Sweeny 1972) ടിബറ്റിലെ രാമകഥകൾ (An Old Version of Tibetan Ramayana Story by J.W. de Jong -1972) ബർമ്മയിലെ അവസ്ഥ (Ramayana in Burma by U. Te in-1973) തായ് രാമായണം (Thai Ramayana as written by King Rama-I by M.L. Manich Jumsai-1969) ജപ്പാനിലെ സ്ഥിതി (Japanese Versions of the Rama Story by Minoru Hara-1980) എന്നിങ്ങനെ പ്രസിദ്ധങ്ങളായ പുസ്തകങ്ങളുടേയും ഗ്രന്ഥകാരൻമാരുടേയും പട്ടിക എത്രവേണമെങ്കിലും നീട്ടാനൊക്കും.

അക്ഷയപ്രസക്തിയും സ്വാധീനവും

ഡാ. ആനന്ദഗുരുവിൻെറ അത്യാകർഷകമായ ആധികാരിക ഗ്രന്ഥത്തിലെ വിവരങ്ങൾ സ്വീകരിച്ചാണിവിടെ പ്രസക്തിയും കൗതകവുമുള്ള കുറെ വസ്തുതകൾ അവതരിപ്പിച്ചത്. ചില രാഷ്ട്രീയക്കാരും അവരുടെ വൈതാളികരും പോഷകസംഘാംഗങ്ങളും, ആത്മപ്രശംസയും പരസ്പര പുകഴ്ത്തലും കൊണ്ട് ബുദ്ധിജീവികൾ എന്നും, സാഹിത്യ സാംസ്കാരിക നായകരെന്നും വരുത്തികൂട്ടാൻ പാടുപെടുന്ന സ്ഥാനമോഹികളും രാമായണത്തെയും അതിലെ കഥാപാത്രങ്ങളെയും താഴ്ത്തിക്കെട്ടാൻ സംഘടിത ശ്രമത്തിൽ ഇന്ന് ഏർപ്പെട്ടിരിക്കുകയാണല്ലോ. അതേ സമയം പാണ്ഡിത്യവും സംസ്കാരവും മാനവികതയും മാനിക്കുന്ന പ്രഗൽഭമതികൾ, ഇവിടെ മാത്രമല്ല വിദേശങ്ങളിലും, വാല്മീകി രാമായണത്തെയും രാമകഥയേയും ധാരാളമായി ഗവേഷണവിഷയമാക്കി തീർക്കുന്നതിനു അസാധാരണമായ താല്പര്യം പ്രകടിപ്പിക്കുകയാണ്. ഈ മഹൽ ഗ്രന്ഥത്തിൻെറ ശ്രദ്ധേയങ്ങളായ എണ്ണമറ്റ തലങ്ങളെ കുറിച്ച് അഗാധമായി പഠിക്കുകയും പണ്ഡിതോചിതമായി പറയുകയും ചെയ്യുന്നവരെ, ശ്രദ്ധാകേന്ദ്രങ്ങളാക്കണമെന്നാഗ്രഹിച്ചാണ് ഇവിടെ ഇത്രയും എഴുതിയത്. രാമകഥയോ, അതിനെ ആസ്പദമാക്കി ചമയ്ക്കപെട്ടിട്ടുള്ള കൃതികളോ ഏതെങ്കിലും കാലത്ത് കാലഹരണപ്പെടുകയില്ലെന്ന് ഇന്നാണ് കൂടുതൽ, കൂടുതൽ പ്രസ്പഷ്ടമായിക്കൊണ്ടിരിക്കുന്നതെന്നാണ് യാഥാർത്ഥ്യം!

ഇരു കരയോരപ്രദേശങ്ങളിൽ എക്കലും വളവും വെള്ളവും നിരന്തരം പുതുക്കികൊണ്ട് അനന്തമായി പ്രവഹിക്കുന്ന പവിത്രഗംഗയെ പോലെ മനുഷ്യജീവിതത്തെ മഹനീയതയിലേക്കു പ്രേരിപ്പിക്കുന്ന ശക്തിയും ചൈതന്യവും മൂല്യവും പകർന്നുകൊണ്ട് രാമകഥാ പ്രവാഹം അവിരാമമായി, അനന്തമായി മനുഷ്യനുള്ള കാലത്തോളം നിലനിൽക്കും! ✿ ✿